ब्रह्मविद् आप्नोति परम्

നാരായണാശ്രമ
തപോവനം

ആത്മസ്ഫുരണങ്ങൾ

സ്വാമി ഭൂമാനന്ദതീർഥ



# എന്താണ് അധ്യാത്മജ്ഞാനം

*Volume 89, 03 August 2014*

ജീവിതം വാസ്തവത്തിൽ ഇന്ദ്രിയഗ്രഹണത്തിലാണ് അധിഷ്ഠിതം. ലോകത്തെ ഗ്രഹിച്ച് അതുമായി സമ്പർക്കംനടത്തുന്നതു പഞ്ചേന്ദ്രിയങ്ങൾവഴിയാണല്ലോ. ഐന്ദ്രിയസമ്പർക്കങ്ങൾമുഖേന ഉളവാകുന്ന ആന്തരാനുഭവങ്ങൾ പരിണമിച്ച് ഉരുത്തിരിയുന്നതാണ് വിജ്ഞാനത്തിന്റെ വിവിധ തലങ്ങൾ. ബാഹ്യവിഷയങ്ങളെക്കുറിച്ചുള്ള ജ്ഞാനം ഇങ്ങനെ രൂപപ്പെടുന്നതത്രെ.

സമസ്തലോകത്തേയും വിഷയമായി ഗ്രഹിയ്ക്കാൻ, അധിഷ്ഠാനമായ ഒരു ‘വിഷയി’ വേണ്ടേ, ലോകവുമായി സമ്പർക്കം നടത്തി സർവാനുഭവങ്ങളും രചിയ്ക്കുന്ന വിഷയിതലം ഏത്, ഇങ്ങനെയൊരു വിഷയി ഉണ്ടെന്നു നാം അറിയാത്തതെന്തുകൊണ്ട്?

വിഷയിയെക്കുറിച്ചുള്ള അറിവത്രേ ആത്മജ്ഞാനം. ലോകം ദ്രവ്യോർജസംഘാതമാണ്, പഞ്ചഭൂതമയംതന്നെ. എന്നുവെച്ചാൽ ഖരഭൂമി, ദ്രവജലം, വാതവായു, കൂടാതെ അഗ്നി, പ്രകാശം, കാന്തശക്തി, വൈദ്യുതി എന്നീ ഊർജങ്ങൾ, ഗോളങ്ങൾ ചുറ്റിത്തിരിയുന്ന അനന്തമായ ആകാശവും. നിങ്ങളുടെ ദേഹവും പഞ്ചഭൂതനിർമിതിയാണ്.

ദ്രവ്യോർജങ്ങളാണോ നിങ്ങൾ, അതോ അതിലും എത്രയോ ശ്രേഷ്ഠമായ ഒന്നോ? ചിന്തിയ്ക്കാനും അനുഭവിയ്ക്കാനും ഗ്രഹിയ്ക്കാനും അറിയാനുമുള്ള വൈഭവവും ശേഷിയും ദ്രവ്യത്തിനോ ഊർജത്തിനോ ഇല്ല. ദ്രവ്യോർജങ്ങൾക്ക് ഉപരിയായ ഒന്നു നിങ്ങളിലുണ്ടെന്ന് ഇതു സ്പഷ്ടമാക്കുന്നു. ലോകഘടകങ്ങളിൽനിന്നു വിലക്ഷണമായ ആ വസ്തുവെയാണ് ‘അധ്യാത്മം’ എന്നു പറയുന്നത്. അധ്യാത്മമെന്ന വാക്കു പ്രേതത്തേയോ മറ്റോ സൂചിപ്പിയ്ക്കുന്നതല്ല. ദേഹത്തെ ചലിപ്പിയ്ക്കുന്ന സാന്നിധ്യത്തെയാണ് അതു വെളിപ്പെടുത്തുന്നത്.

മനോബുധ്യഹങ്കാരങ്ങളിലും, അതിനപ്പുറവും, അടിസ്ഥാനപരവും മഹത്വമുറ്റതുമായി നിലകൊള്ളുന്നതെന്തോ അതാണ് അഭൗമസാന്നിധ്യം, എല്ലാറ്റിന്റേയും അധിഷ്ഠാനമായ ആത്മാ. ‘ഞാൻ’ എന്നു നിങ്ങൾ നിരന്തരം സൂചിപ്പിയ്ക്കുന്നത് അതിനെയാണ്. **അഹംപ്രത്യയഗോചരഃ**, എന്നാണ് ഇതിനെ സംസ്കൃതത്തിൽ നിർവചിയ്ക്കുക, അതായതു ‘ഞാൻ’ എന്ന ആന്തരാനുഭവം.

നിങ്ങളിലെ 'ഞാൻ' സൂചിപ്പിയ്ക്കുന്നതു ദേഹത്തേയോ മനോബുദ്ധികളേയോ അല്ല. എന്റെ വസ്ത്രം, എന്റെ കുട്ടികൾ, എന്റെ വീട്, എന്നതുപോലെയല്ലേ നിങ്ങൾ എന്റെ ശരീരം, എന്റെ മനസ്സ്, എന്റെ ബുദ്ധി എന്നിങ്ങനെ പരാമർശിയ്ക്കുന്നതും? 'എന്റേത്' എന്ന പദം 'ഞാ'നിൽനിന്നു വ്യത്യസ്തമായ ഒന്നിനെ കുറിയ്ക്കുന്നതല്ലേ?

'ഞാനെ'ക്കുറിച്ചുള്ള അറിവാണ് അധ്യാത്മജ്ഞാനം.

('വിചാരസരണി' യിൽ നിന്ന്)


**Narayanashrama Tapovanam**
Venginissery, P.O. Ammadam, Trichur, Kerala, India
Email: ashram1@gmail.com; Website: www.SwamiBhoomanandaTirtha.org